प्रेस प्रकाशनी PRESS RELEASE

भारतीय रिज़र्व बैंक
RESERVE BANK OF INDIA
वेबसाइट : www.rbi.org.in/hindi
Website : www.rbi.org.in
इ-मेल email: helpdoc@rbi.org.in

संचार विभाग, केंद्रीय कार्यालय, एस.बी.एस.मार्ग, मुंबई-400001
DEPARTMENT OF COMMUNICATION, Central Office, S.B.S.Marg, Mumbai-400001
फोन/Phone: 022 2261 0835 फैक्स/Fax: 91 22 22660358

മാർച്ച് 20, 2019

**അഹമ്മദാബാദിലെ (ഗുജറാത്ത്) മഹിളാ വികാസ് സഹകരണ ബാങ്ക് ലിമിറ്റഡി (ഷെഡ്യൂൾഡല്ലാത്ത യുസിബി)നു മേൽ പിഴചുമത്തി**

1949 ലെ ബാങ്കിംഗ് റഗുലേഷൻ ആക്ട് സെക്ഷൻ 47A ഒപ്പം സെക്ഷൻ 46(4) (സഹകരണ സംഘങ്ങൾക്ക് ബാധകമാം വിധം) എന്നിവ പ്രകാരം റിസർവ് ബാങ്ക് ഓഫ് ഇൻഡ്യയിൽ നിക്ഷിപ്തമായിട്ടുള്ള അധികാരം പ്രയോഗിച്ച് അഹമ്മ ദാബാദിലെ (ഗുജറാത്ത്) മഹിളാവികാസ് സഹകരണ ബാങ്ക് ലിമിറ്റഡിനു (ഷെഡ്യൂൾഡ് അല്ലാത്ത യു സി ബി) മേൽ, ആർ ബി ഐ 10 ലക്ഷം രൂപ (രൂപ പത്ത് ലക്ഷം മാത്രം) യുടെ പണപ്പിഴചുമത്തി ഡയറക്ടർമാർക്കും അവരുടെ ബന്ധുക്കൾക്കും, അവർക്കു താല്പര്യമുള്ള സ്ഥാപനങ്ങൾക്കും സംരംഭങ്ങൾക്കും ഉള്ള വായ്പകളും ലോണുകളും, സംബന്ധിച്ചും സുരക്ഷിതമല്ലാത്ത വായ്പകളും, ഉയർന്ന പരിധികളെ സംബന്ധിച്ചുമുള്ള ആർ ബി ഐ വ്യവസ്ഥകളും നിബന്ധനകളും ലംഘിച്ചതിനും, കെ വൈ സി/ എ എം എൽ നിർദ്ദേശങ്ങൾ ലംഘിച്ചതിനുമാണ് ഈ പിഴചുമത്തിയത്.

ബാങ്കിന്, റിസർവ്വ് ബാങ്ക് ഓഫ് ഇൻഡ്യ ഒരു കാരണം കാണിക്കൽ നോട്ടീസ് (എസ്,സി,എൻ) നൽകിയതിന് ബാങ്ക് അഹമ്മദാബാദിലെ റിസർവ്വ് ബാങ്കിൻറെ മുതിർന്ന ഉദ്യോഗസ്ഥന്മാരുടെ സമിതിയ്ക്ക് രേഖാമൂലമായ ഒരു മറുപടിയും നേരിട്ടുള്ള വിശദീകരണങ്ങളുംനൽകി. കേസിൻറെ വസ്തുതകളും, ബാങ്കിൻറെ ഇക്കാര്യത്തിലുള്ള മറുപടിയും പരിഗണിച്ചതിൽ, ലംഘനങ്ങൾ കഴമ്പുള്ളവയാണെന്നും പിഴചുമത്തേണ്ടത് ആവശ്യമുള്ളതാണെന്നുമുള്ള നിഗമന ത്തിൽ, ആർ ബി ഐ എത്തുകയായിരുന്നു.

അജിത് പ്രസാദ്
അസിസ്റ്റൻറ് അഡ് വൈസർ

**പ്രസ്സ് റിലിസ് 2018-2019/2249**